(സി) വാദ്യകലയ്ക്ക് നിലവിൽ ഉള്ള പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് പുറമേ കുഴൂർ നാരായണമാരാരുടെ പേരിൽ കലാമണ്ഡലം ഒരു പുരസ്കാരം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പത്മഭൂഷൺ കുഴൂർ നാരായണ മാരാർക്ക് സ്മാരകം പണികഴിപ്പിക്കുന്നതിന് കുഴൂർ നാരായണ മാരാർ ഫൗണ്ടേഷൻ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാൻ കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

വിശ്വമലയാള മഹോത്സവം

57 (3341) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിശ്വ മലയാള മഹോത്സവം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മലയാള ഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശ്വമലയാള മഹോത്സവം 2012 ഒക്ടോബർ 30, 31, നവംബർ 1 തീയതികളിലായി തിരുവനന്തപുരത്തുവച്ച് നടന്നു. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും നാം നമ്മുടെ ഭാഷ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവമാധ്യമ സംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാദ്ധ്യയനം, മലയാളത്തിന്റെ കഥാകാലങ്ങൾ ആദാനപ്രദാനം മലയാളത്തിൽ, ജീവന സംസ്കൃതി, വിജ്ഞാന സംസ്കൃതി, നമ്മുടെ പാരമ്പര്യ സംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും, മലയാളത്തിന്റെ നാടക കാലങ്ങൾ, നോവൽ കാലങ്ങൾ, വിമർശന കാലങ്ങൾ തുടങ്ങിയ സെമിനാറുകളും, കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും യുവ എഴുത്തുകാർക്കുള്ള മത്സരങ്ങളും വിശ്വമലയാള മഹോത്സവത്തിന്റെ ഭാഗമായി നടന്നു.

(ബി) മലയാള ഭാഷയെ ലോക ശ്രദ്ധയിൽ കൊണ്ടുവരിക, മലയാളികളുടെ ഇടയിൽ മാതൃഭാഷാ അഭിമാനം വളർത്തുക എന്നിവയോടൊപ്പം മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനുള്ള കേരളത്തിന്റെ വാദങ്ങൾക്ക് കരുത്തേകുക എന്നതുകൂടിയായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ.

(സി) ഭരണഭാഷ മലയാളത്തിലാക്കാനും നവംബർ 1 ശ്രേഷ്ഠ ഭാഷാ ദിനമായി ആഘോഷിക്കുവാനും സാധിച്ചു. മലയാള ഭാഷയെ ലോക ശ്രദ്ധയിൽ കൊണ്ടുവരികയും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളി സംഘടനകളെ ക്ഷണിച്ച് സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു മലയാളത്തിലെ എഴുത്തുകാരെ ആദരിക്കുന്നതിന് ആചാര്യപൂജ, ആദരസന്ധ്യ എന്നിവ നടത്തുകയുണ്ടായി. മലയാളത്തിലെ വിവിധ ശാഖകളിലെ പരിചയ സമ്പന്നരായവർ ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും വിവിധ കലാരൂപങ്ങളും നാടൻ കലകളും അവതരിപ്പിക്കുകയുമുണ്ടായി.

(ഡി) നവംബർ ഒന്ന് ശ്രേഷ്ഠഭാഷാദിനമായി ആഘോഷിക്കുന്നു. വിവിധ കോളേജുകളിലും സ്കൂളുകളിലും ഭാഷാഭിമാനം വളർത്താൻ ഉതകുന്ന പരിപാടികൾ കേരള സാഹിത്യ അക്കാദമിയുടെ ചുമതലയിൽ നടത്തുന്നതാണ്. മലയാള ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 1001 എണ്ണം ഇന്റർനെറ്റിലൂടെ ലഭ്യമാക്കി. പകർപ്പവകാശമുക്തമായ പ്രാമാണിക ഗ്രന്ഥങ്ങൾ പൂർണ്ണമായി ലഭ്യമാക്കാനും വിശ്വമലയാള മഹോത്സവത്തോടനുബന്ധിച്ച് അറുപതിലധികം സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥം തയ്യാറാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാളഭാഷയിലെ സാഹിത്യത്തിന്റെ സമഗ്രമായ സാഹിത്യ ചരിത്രം തയ്യാറാക്കുന്ന ഒരു പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാനാരംഭിച്ചു മലയാള സാഹിത്യകാരന്മാരുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യകാര ഡയറക്ടറിയും 1995 മുതൽ മുടങ്ങിക്കിടക്കുന്ന മലയാള ഗ്രന്ഥ സൂചികയും പ്രസിദ്ധീകരിക്കുന്നതാണ്.